**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4705** **19-03-2025 - ൽ മറുപടിയ്ക്ക്**

**താന്നിക്കോട് മല കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തമംഗലം ഗ്രാമപ്പഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പ്രവൃത്തിയുടെ ഭാഗമായി 224 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കാനുള്ളതിൽ 140 കിലോമീറ്റർ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഭൂമിയേറ്റെടുക്കലിന് ഏതൊക്കെ ഗ്രാമപ്പഞ്ചായത്തുകളാണ് തുക നൽകിയിട്ടുള്ളത്; ഏതൊക്കെ ഗ്രാമപ്പഞ്ചായത്തുകളാണ് തുക ലഭ്യമാക്കാൻ ബാക്കിയുള്ളത്; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയുടെ ജലസംഭരണി സ്ഥാപിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്ന തിനായി ചാത്തമംഗലം ഗ്രാമ പഞ്ചായത്ത് ആരംഭിച്ച അക്കൗണ്ടിലേക്ക് ചാത്തമംഗലം, ഉണ്ണികുളം, മടവൂർ, കിഴക്കോത്ത്, കോടഞ്ചേരി എന്നീ പഞ്ചായത്തുകൾ വിഹിതം ലഭ്യമാക്കിയിട്ടുണ്ട്. താമരശ്ശേരി, പുതുപ്പാടി, കട്ടിപ്പാറ എന്നീ ഗ്രാമ പഞ്ചായത്തുകൾ തുക വകയിരുത്തിയിട്ടില്ല. |
| (സി) | പണം നൽകുന്നതിൽ ഏതെങ്കിലും തദ്ദേശസ്ഥാപനം വിമുഖത പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | താമരശ്ശേരി, പുതുപ്പാടി, കട്ടിപ്പാറ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണം നടന്നു വരുന്നു. ആയതു പൂർത്തീകരിച്ചാൽ മാത്രമേ പണം നൽകുകയുള്ളൂ എന്ന് ഈ പഞ്ചായത്തുകൾ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ